(ഡി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ സർവ്വതോൻമുഖമായ പുരോഗതിക്കായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. പട്ടിക വർഗ്ഗ കോളനികളിലെ സൗകര്യങ്ങൾ കുടിവെള്ളം, വൈദ്യുതി, റോഡ് ഇവ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന സാമ്പത്തികോന്നമന പരിപാടികൾ, വിദ്യാഭ്യാസ പരിപാടികൾ, ആരോഗ്യസംരക്ഷണം, ഭവന നിർമ്മാണം, എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1997-98 മുതൽ ത്രിതല പഞ്ചായത്തുകളും പട്ടികവർഗ്ഗക്കാർക്കായി ഓരോ പ്രദേശത്തേക്കും ആവശ്യങ്ങളനുസരിച്ച് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പട്ടിക വർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് വിപുലമായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

(ഇ) ഉണ്ട്.

(എഫ്) 1976-1978 ൽ സംസ്ഥാന സ്ഥിതിവിവര കണക്ക് പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങളെക്കുറിച്ച് സർവ്വേ നടത്തിയിട്ടുണ്ട്.

(ജി&എച്ച്) നിലവിലുള്ള വിവരങ്ങൾ വളരെ പഴക്കം ചെന്നതാകയാൽ പുതിയ ഒരു സർവ്വേ നടത്തുന്ന കാര്യം പരിശോധിക്കുകയും 25-3-1997-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.24/97/പജ.പവ.വിവ. പ്രകാരം ഒരു സമഗ്ര സർവ്വേ നടത്താൻ തീരുമാനിച്ചുത്തരവായി. പ്രസ്തുത സർവ്വേയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ സംബന്ധിച്ച് ചില സംഘടനകൾ ആശങ്ക പ്രകടിപ്പിക്കുകയും ടി സർവ്വേ ഉപേക്ഷിക്കണമെന്ന ആവശ്യം ഉന്നയിക്കുകയുമുണ്ടായി. അക്കാരണത്താൽ ടി സർവ്വേ നിർത്തിവച്ചിരിക്കുകയാണ്.

ആദിവാസി വിഭാഗങ്ങൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

7 (2557) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആദിവാസി ജനവിഭാഗങ്ങൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പി.എസ്.സി. നിയമനങ്ങളിൽ ആദിവാസി ജനവിഭാഗങ്ങൾക്ക് എത്ര ശതമാനം സംവരണമാണ് ലഭിക്കുന്നത് ;

(സി) ഈ സംവരണ ശതമാനം പൂർത്തീകരിക്കുന്നതിനുള്ള ആദിവാസി ജനവിഭാഗം പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ പ്രവേശനം നേടാറുണ്ടോ ;

(ഡി) മെഡിക്കൽ എൻജിനീയറിംഗ് പ്രവേശന പരീക്ഷയിൽ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ എത്ര ആദിവാസികൾ യോഗ്യത നേടുകയും പ്രവേശനം നേടി വിദ്യാഭ്യാസം പൂർത്തിയായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17-9-'96-ലെ സ.ഉ.(കൈ) നം.47/96/പജ.പവ.വിവ. ഉത്തരവ് അനുസരിച്ചുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ആദിവാസി ജനവിഭാഗങ്ങൾക്കും ലഭ്യമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പി.എസ്.സി. നിയമനങ്ങളിൽ ആദിവാസി ജനവിഭാഗങ്ങൾ ഉൾപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് രണ്ട് ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കിളിമാനൂരിലെ കോളനി റോഡുകൾ

8 (2558) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ കോളനി റോഡുകളിൽ ഇതിനകം എത്ര എണ്ണം പ്രത്യേക ഘടക പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ റോഡുകളിൽ ഗതാഗതയോഗ്യമായിട്ടുള്ളവ ഏതെല്ലാം ; ഇതിന് എന്ത് തുക ചെലവായിട്ടുണ്ട് ;

(സി) ശേഷിച്ച റോഡുകളുടെ പണി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ;

(ഡി) ഇനി എത്ര റോഡുകൾ ടാർ ചെയ്യേണ്ടതായിട്ടുണ്ടെന്നും അവ ഏതെല്ലാം ആണെന്നും എന്നത്തേയ്ക്ക് ടാറിംഗ് ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

ഉത്തരം

(എ) 49 റോഡുകൾ

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അതാതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

(ഡി) 39 റോഡുകൾ ഇനിയും ടാർ ചെയ്യേണ്ടതായിട്ടുണ്ട്. അവയിൽ പത്തെണ്ണം ടാർ ചെയ്യാൻ ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത റോഡുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly